പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3433 | 20.06.2014-ൽ മറുപടിക്ക്

<u>നെറ്റ് വർക്ക് മാർക്കറ്റിംഗ് കമ്പനിയുടെ പേരിൽ വ്യാജ ഉല്പന്നം</u>

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ക്വസ്റ്റ്നെറ്റ് (QUESTNET), ക്യൂനെറ്റ് (QNET) എന്നീ നെറ്റ്‌വർക്ക് മാർക്കറ്റിംഗ് കമ്പനിയുടെ പേരിൽ ബയോഡിസ്ക് എന്ന വ്യാജ ഉല്പന്നം വാങ്ങി തട്ടിപ്പിനിരയായതുമായി ബന്ധപ്പെട്ട് അടൂർ പോലീസ് സ്റ്റേഷനിൽ നാളിതുവരെ എത്ര പേർ പരാതി നൽകിയിട്ടുണ്ടെന്നറിയിക്കുമോ; | (എ) | ഇതുമായി ബന്ധപ്പെട്ട് 5 പരാതികൾ ലഭിച്ചിട്ടുണ്ട് |
| (ബി) ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രതികളെ സംരക്ഷിച്ചുവരുന്ന നിലപാട് പോലീസ് സ്വീകരിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;<br>(സി) അടൂർ പോലീസ് സ്റ്റേഷനിൽ ആയതുമായി ബന്ധപ്പെട്ട് ഉള്ളതായ ക്രൈം നമ്പർ 891/2014, 1224/2014 എന്നീ കേസുകളിന്മേൽ പ്രതികൾക്കെതിരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) & (സി) | പ്രതികളെ സംരക്ഷിച്ചുവരുന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടില്ല. പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 891/14 u/s 420, 506 (i) IPC and Sec.3 & 4 of Prize Chits and Money Circulation Scheme (Banning) Act 1978 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ഡി) 'ഓപ്പറേഷൻ കുബേര' നടപടികൾ ശക്തമായിട്ടുള്ള സാഹചര്യത്തിൽ ഇത്തരം തട്ടിപ്പ് കേസ്സിലെ പ്രതികൾക്കെതിരെ അടിയന്തിര നിയമനടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? | (ഡി) | പ്രസ്തുത പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ